# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 835

09/08/2017 -ൽ മറുപടിയ്ക്ക്.

## പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി 2017-2018-ൽ ക്ഷീരവികസന വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br>1) ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം -495 ലക്ഷം<br>2) തീറ്റപ്പുൽകൃഷി വികസന പദ്ധതി -600 ലക്ഷം.<br>3) ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം -466 ലക്ഷം<br>4) എം.എസ്.ഡി.പി.(മിൽക്ക് ഷെഡ് വികസന പദ്ധതി)-4179 ലക്ഷം<br>5) കാറ്റിൽ ഫീഡ് സബ്സിഡി -1400 ലക്ഷം<br>6) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം -2585 ലക്ഷം<br>7) ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം -25 ലക്ഷം<br>8) വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി -25 ലക്ഷം<br>ആകെ -9775 ലക്ഷം |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത മേഖലയിൽ ഉല്പാദനത്തിൽ ഉണ്ടായ വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി) വിലയിരുത്തിയിട്ടുണ്ട്.

2016-2017 -ൽ കടുത്ത വേനൽ അനുഭവപ്പെട്ട സമയത്തുപോലും പാൽ ഉല്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല. ഈ സമയത്ത് ശുദ്ധജലത്തിന്റെ ലഭ്യതക്കുറവും,കാലിത്തീറ്റയുടെയും നാണ്യവിളകളുടെയും അഭാവം മൂലവും, തീറ്റച്ചെലവ് ഗണ്യമായി വർദ്ധിച്ചതിനാൽ കർഷകരെ സഹായിക്കുന്നതിനായി പച്ചപ്പുല്ല് വൈയ്ക്കോൽ എന്നിവ ഇതര സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു.

സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ ഫലപ്രദമായ ഇടപെടലുകൾ മൂലം സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനായി മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നായി 2.5 ലക്ഷം ലിറ്റർ പാൽ കൊണ്ടു വന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ 1.5 ലക്ഷം ലിറ്റർ പാൽ മാത്രമാണ് കൊണ്ടുവരുന്നത്.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**<u>മലബാർ മേഖലാ യൂണിയൻ</u>**

1) കിടാരി സംരക്ഷണ പദ്ധതി

2) നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി

4) പച്ചപ്പുല്ലും, മറ്റു ഉൽപാദനോപാധികളും മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി

5) ഫാം സപ്പോർട്ട് പദ്ധതി വഴി ഡയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

## തിരുവനന്തപുരം മേഖലാ യൂണിയൻ

1) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2) മിനി ഡയറി പദ്ധതി
3) കാലിത്തൊഴുത്ത് നവീകരണം
4) ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5) അകിടുരോഗ നിർമ്മാർജനം
6) ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്

## എറണാകുളം മേഖലാ യൂണിയൻ

1. ഉൽപാദകർക്ക് വേനൽക്കാല ഇൻസെന്റീവ്
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്
3. ബാങ്ക് വായ്പ എടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000/- രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി,
4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി,
5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ചു നൽകൽ

6. ഡയ റിഫാമുകളുടെ

യന്ത്രവൽക്കരണത്തിന് ധനസഹായം,

7.ബന്ധപ്പെട്ട വകുപ്പുകളുടെ
ധനസഹായത്തോടെ പട്ടികജാതി /
പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട
ഗുണഭോക്താക്കൾക്ക് കറവ
പശുക്കളെയും കിടാരികളെയും
നൽകുന്ന പദ്ധതി

സെക്ഷൻ ഓഫീസർ.